**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. സജനി.ജി, ജൂനിയർ കൺസൽട്ടന്റ് (ഡെർമറ്റോളജി) ആരോഗ്യവകുപ്പിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. എ1- 2082/2017/ജി,മെ.ആ കോട്ടയം തീയതി 16.02.2017
2. കത്ത് നം. എഫ്3-16315/17/മെ.വി.കാ തീയതി 27.05.2017

**ഉത്തരവ് നം. ഇ.എ1- 43015/2017/ആ.വ.ഡ തീയതി 12.07.2017**

ആരോഗ്യവകുപ്പിന് കീഴിൽ ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ ഡെർമറ്റോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റായി ജോലി നോക്കി വരവെ ഡോ. സജനി.ജി യ്ക്ക് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസറായി നിയമനം കിട്ടിയതിനാൽ പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം 16.02.2017 അപരാഹ്നത്തിൽ ആരോഗ്യവകുപ്പിൽ നിന്നും വിടുതൽ ചെയ്തിരുന്നു.

പരാമർശം രണ്ടിലെ കത്ത് പ്രകാരം ഡോ. സജനി.ജി യ്ക്ക് ആരോഗ്യവകുപ്പിന് കീഴിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള അനുമതിയ്ക്കും നിയമന ഉത്തരവിനുമായി അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ഡോ. സജനി.ജി യെ **ചങ്ങനാശ്ശേരി ജനറൽ ആശുപത്രി**യിലെ ഒഴിഞ്ഞ് കിടക്കുന്ന ഡെർമറ്റോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് തസ്തികയിലേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാരി എത്രയും പെട്ടെന്ന് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ. സജനി.ജി, അസിസ്റ്റന്റ് പ്രൊഫസർ (ഡെർമറ്റോളജി), ഗവ. ടി.ഡി മെഡിക്കൽ കോളേജ്, ആലപ്പുഴ

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
3. പ്രിൻസിപ്പാൾ, ഗവ. ടി.ഡി മെഡിക്കൽ കോളേജ്, ആലപ്പുഴ
4. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കോട്ടയം
5. ഡിപ്പാർട്ട്മെന്റ് ഹെഡ്, ഡെർമറ്റോളജി വിഭാഗം, ഗവ. ടി.ഡി മെഡിക്കൽ കോളേജ്, ആലപ്പുഴ
6. സൂപ്രണ്ട്, ജനറൽ ആശുപത്രി ചങ്ങനാശ്ശേരി, കോട്ടയം
7. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**